(ബി) ഇവരുടെ ആരോഗ്യ സംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന് വിശദീകരിക്കുമോ;

(സി) വൃദ്ധ ജനങ്ങൾക്കുവേണ്ടി ഒരു നയം രൂപീകരിക്കാനുള്ള 1997 ലെ നയപ്രഖ്യാപനത്തെത്തുടർന്ന് ഇക്കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ ആരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾക്ക് സംസ്ഥാനങ്ങൾ പദ്ധതി തയ്യാറാക്കി സമർപ്പിച്ചാൽ ഇത് പരിഗണിക്കുമെന്ന കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ വകുപ്പ് മന്ത്രിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇക്കാര്യത്തിൽ പദ്ധതി എന്തെങ്കിലും കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഇവരുടെ സംരക്ഷണത്തിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ജി) ഇവരുടെ പ്രശ്നം സംബന്ധിച്ച് സമഗ്ര പദ്ധതി തയ്യാറാക്കി നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) ഇതിനായി കേന്ദ്ര സഹായം ലഭ്യമാകത്തക്കവിധം വിശദമായ പ്രോജക്റ്റ് തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ) ഉണ്ട്.

(ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിൽ വൃദ്ധജനങ്ങൾക്കു വേണ്ടി മെഡിസിൻ വിഭാഗത്തിന്റേയും ഫിസിക്കൽ മെഡിസിൻ വിഭാഗത്തിന്റേയും ആഭിമുഖ്യത്തിൽ ജറിയാട്രിക്സ് ക്ലിനിക് നടത്തുന്നുണ്ട്. ജറിയാട്രിക്, ഡയബറ്റിക്, കാർഡിയോളജി, ന്യൂറോളജി എന്നിവയുമായി ബന്ധപ്പെട്ട ആരോഗ്യപരിപാലനം ആവശ്യമായതിനാൽ തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ഇത്തരം ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. ഒരു ഡോക്ടർ, ഒരു ഹെഡ് നഴ്സ്, ഒരു സ്റ്റാഫ് നഴ്സ്, ഒരു നഴ്സിംഗ് അസിസ്റ്റന്റ്, ഒരു ഹോസ്പിറ്റൽ അറ്റന്റന്റ് ഗ്രേഡ്-2 എന്നിവരെ നിയമിച്ചിട്ടുണ്ട്. കൂടാതെ ആവശ്യമുള്ള മരുന്നുകളും ഗവൺമെന്റ് അനുവദിച്ചിട്ടുള്ള ഡയറ്റും നൽകുന്നുണ്ട്.

(സി) 1998-99 സാമ്പത്തിക വർഷത്തിൽ 5 ലക്ഷം രൂപ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നു. ജനറൽ ആശുപത്രി, തിരുവനന്തപുരത്ത് യൂണിറ്റ് തുടങ്ങുന്നതിനായി ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുകയും ഉപകരണങ്ങൾ വാങ്ങുകയും ചെയ്തു. 1999-2000 സാമ്പത്തിക വർഷത്തിലും 5 ലക്ഷം രൂപ വകകൊള്ളിച്ചിട്ടുണ്ട്. അത് ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതിനും യൂണിറ്റിന്റെ പ്രവർത്തനത്തിന് ആവശ്യമായ സാധനങ്ങൾ വാങ്ങുന്നതിനും ചെലവഴിച്ചു.

(ഡി) ഇത്തരം നിർദ്ദേശമൊന്നും കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടില്ല.

(ഇ)&(എഫ്) ഇല്ല.

(ജി)&(എച്ച്) ഇപ്പോൾ പരിഗണനയിൽ ഇല്ല.

19 (*468) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടി

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. ജി. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആയുർവേദ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ വിശദീകരിക്കുമോ;

(സി) ഗുണനിലവാരമില്ലാത്ത ആയുർവേദ മരുന്നുകൾ തയ്യാറാക്കി വിൽപ്പന നടത്തുന്നത് തടയുവാനും അത്തരക്കാരുടെ മേൽ നടപടി എടുക്കുവാനും എന്തെല്ലാം സംവിധാനം നിലവിലുണ്ടെന്ന് അറിയിക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. വി.സി. കബീർ) :

(എ)(ബി)&(സി) 1945-ലെ ഡ്രഗ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിലെ വ്യവസ്ഥയനുസരിച്ചുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ മാത്രമാണ് ആയുർവേദ മരുന്നുകൾക്ക് ബാധകമായിട്ടുള്ളത്. ഈ നിലവാര വ്യവസ്ഥകൾ പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സംസ്ഥാനത്ത് പരിശോധനാ സംവിധാനം നിലവിലുണ്ട്. ആയുർവേദ മരുന്നുകളിൽ രാസവസ്തുക്കൾ ചേർക്കുന്നത് കണ്ടുപിടിക്കാനുള്ള സംവിധാനവും നിലവിലുണ്ട്. ഡ്രഗ്സ് കൺട്രോൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ, സീനിയർ ഡ്രഗ്സ് ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഡ്രഗ്സ് കൺട്രോളർ തുടങ്ങിയ ഉദ്യോഗസ്ഥർ മരുന്ന് നിർമ്മാണയൂണിറ്റുകൾ പരിശോധിച്ച് ശേഖരിക്കുന്ന സാമ്പിളുകൾ തിരുവനന്തപുരത്തുള്ള ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ പരിശോധിച്ചുവരുന്നുണ്ട്.

20 (*469) ജനസേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

ശ്രീ. എ. കണാരൻ :

ശ്രീ. ആനത്തലവട്ടം ആനന്ദൻ :

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :

ശ്രീ. എം.വി. ഗോവിന്ദൻ മാസ്റ്റർ :

ശ്രീ. സി.കെ. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈയിടെ പ്രഖ്യാപിച്ച ജനസേവന കേന്ദ്രങ്ങളുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് ജനസേവന കേന്ദ്രങ്ങൾ പരീക്ഷണാർത്ഥം ഏതൊക്കെ നഗരങ്ങളിലാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) പൊതുജനങ്ങൾ അടയ്ക്കേണ്ട ഏതൊക്കെ നികുതികളാണ് ജനസേവന കേന്ദ്രങ്ങളിലൂടെ സർക്കാരിലേയ്ക്ക് അടയ്ക്കുന്നതിന് സൗകര്യപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) ജനസേവന കേന്ദ്രങ്ങൾ ഗ്രാമപ്രദേശത്ത് ആരംഭിക്കാൻ സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ജനസേവന കേന്ദ്രങ്ങളുടെ നടത്തിപ്പിനായി ബന്ധപ്പെട്ടവർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(എഫ്) പണമിടപാടുകൾക്ക് പുറമേ മറ്റെന്തെങ്കിലും സേവനം ജനസേവന കേന്ദ്രങ്ങൾ മുഖേന പൊതുജനങ്ങൾക്ക് ലഭ്യമാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly